ലക്കം 09

സെപ്റ്റംബർ 2025
പുസ്തകം 05

# ക്രിസ് വോയ്സ്

തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക ബുള്ളറ്റിൻ




SAMSH UP
Smash UP
INDOOR BADMINTON COURT
THIRUPURAM
Yearly Booking
Monthly Booking
Tournament Booking
Daily Hour Booking
SLOT AVAILABLE @ EVENING 5 PM ONWARDS
Our Facilites
Mini Gym Equipmets
Rest Room
CCTV Survilance
Power Backup
Parking
Sale of Badminton equipments
For Booking Contact
+91 8086927072


Venjaramoodu, Pattom
EXATECH LEARNING HUB
മികച്ച രീതിയിൽ നിങ്ങൾ സ്വപ്നം കാണുന്നുണ്ടോ?
SSLC അല്ലെങ്കിൽ +2 കഴിഞ്ഞവരാണോ?
ഇന്ത്യയിലും വിദേശത്തും തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ ഇപ്പോൾ EXATECH ൽ പഠിക്കാം
100% PLACEMENT ASSISTANCE
Government of India Certification
DIPLOMA IN PG COURSE
► Hospital Administration & Management
► Logistics & Supply Chain Management
► Data Science
► HR Management
► Montessori Teacher Training
► Computer Software Course
Qualification : SSLC / +2 / Any Degree
Duration : 6 Months / 1 Year I Age 18-45
ENROL NOW AT EXATECH LEARNING FOR A BIRGHTER TOMORROW !
EXATECH Leraning Hub
2nd Floor, Thalam Buidlding
Opp KSRTC Bus Stand, Venjaramoodu.
EXATECH Leraning Hub
Palace View Lane, Near Ramraj
Pattom Junction, Trivandrum
9747336655
7012866632

## എഡിറ്റോറിയൽ ബോർഡ്

രക്ഷാധികാരി : റവ. ഫാ. ജിബിൻ രാജ്.
ചീഫ് എഡിറ്റർ : എസ്.ഒ.ഷാജികുമാർ
മാനേജിങ് എഡിറ്റർ : ബിബിൻ രാജ്

*എഡിറ്റേഴ്സ്*

അതുൽ പി.എസ്.
രമണി റോസ്
സുലോചന
ആൻസി എസ്. എസ്.
എസ്. സുധ

*ലേഔട്ട് & ഡിസൈൻ*

അതുൽ പി.എസ്.




# *എഡിറ്റേഴ്സ് വോയ്സ്*



**ചീഫ് എഡിറ്റർ**
**എസ്. ഓ. ഷാജി കുമാർ**

പ്രിയരേ,

കേരളത്തിന്റെ ദേശീയോത്സവമായ ഓണം ആഘോഷിച്ചുകൊണ്ട് മലയാളികൾ സമത്വസുന്ദരവും കള്ളത്തരവും ചതിയുമില്ലാത്ത ഗതകാല സ്വപ്നം പോലെ ഗൃഹാതുരചിന്തകൾ ഉണർത്തുന്ന വേളയിൽ ഭാരതത്തിന്റെ ഭരണഘടന പ്രകാരം രൂപം കൊണ്ട രാഷ്ട്രത്തിന്റെ പവിത്രമായ ജനാധിപത്യം പോലും അട്ടിമറിക്കപ്പെട്ടിരിക്കുന്നുവെന്ന ആശങ്ക രാജ്യത്തെ പൊതുസമൂഹത്തെ എന്ന പോലെ ന്യൂനപക്ഷ ക്രൈസ്തവരെയും കൂടുതൽ പരിഭ്രാന്തരാക്കുന്നത് തന്നെയാണ്. ഈ സാഹചര്യത്തിൽ ഇത്തരം ആശങ്കകൾ ഇല്ലാതാക്കേണ്ട നിഷ്പക്ഷ നിലപാട് സ്വീകരിക്കേണ്ട ഭരണഘടനാ സ്ഥാപനങ്ങളായ തെരഞ്ഞെടുപ്പ് കമ്മിഷനും കോടതിയും ഭരണകക്ഷിയുടെ വക്താക്കളാകാതെ ഭരണഘടനയുടെ സംരക്ഷകരാകാൻ ബാധ്യത കാണിക്കണം. അതോടൊപ്പം എല്ലാ വായനക്കാർക്കും ക്രിസ് വോയിസ് കാർഷിക മഹോത്സവമായ ഓണത്തിന്റെ ആശംസകളും നേരുന്നു.

സ്നേഹാശംസകളോടെ
ചീഫ് എഡിറ്റർ

# താളുകൾ മറിക്കുമ്പോൾ


| NO | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ഇടയസ്വരം | 3 |
| 2 | ഞാനും എന്റെ ദൈവവും | 4 |
| 3 | ക്രിസ് വോയ്സ് ക്വിസ് | 5 |
| 4 | ക്രിസ് വോയ്സ് ക്വിസ് ഉത്തരങ്ങൾ | 7 |
| 5 | കുരിശ്ശടി വാർഷികങ്ങൾ | 8 |
| 6 | കുടുംബയോഗങ്ങൾ | 10 |
| 7 | വരി തന്നവർ | 11 |
| 8 | ക്രിസ് വോയ്സ് ക്വിസ് വിജയികൾ | 12 |
| 9 | യൂണിറ്റ് വാർഷികങ്ങൾ | 14 |
| 10 | വരവ് ചെലവ് | 15 |
| 11 | പരിശുദ്ധൻ | 16 |



# ഇടയസ്വരം



**ഇടവക വികാരി**
**റവ. ഫാ. ജിബിൻ രാജ്.**

ഓണവും ആവർത്തിക്കപ്പെടുന്ന രാഷ്ട്രീയ സാഹചര്യങ്ങളും

ഓണം കാലങ്ങൾക്കു മുമ്പ് രൂപപ്പെട്ട കേരളത്തിന്റെ ഒരു മിത്ത് മാത്രമല്ല മറിച്ച് അത് ഇന്നും മാറിമറിഞ്ഞു കൊണ്ടിരിക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളുടെയും കേരള ജനതയ്ക്ക് നേതാക്കളോടുള്ള സമീപനത്തിന്റെയും  രേഖാചിത്രം കൂടെയാണ്.  ജനങ്ങൾക്ക് നന്മയും സമൃദ്ധിയും സുലഭമായി നൽകിക്കൊണ്ടിരുന്ന ഒരു ഭരണാധികാരിയുടെ കഥയാണ് ഓണം നമ്മെ ഓർമിപ്പിക്കുന്നത്. ജനങ്ങൾക്ക് സുസമ്മതനും ധിഷണാശാലിയുമായ ആ ഭരണാധികാരിയെ അസൂയയുടെ പേരിൽ ചവിട്ടിത്താഴ്ത്തുവാൻ ചില തൽപരകക്ഷികൾ പരിശ്രമിക്കുകയും അതിൽ അവർ വിജയം കാണുകയും ചെയ്തു. നന്മ ചെയ്യുന്നവനെ ക്രൂശിക്കുകയും കല്ലെറിയുകയും ചെയ്യുന്ന സ്വഭാവം കേരളത്തിൽ കാലങ്ങൾക്കു മുമ്പേ ഉടലെടുത്തതാണെന്ന് ഇതിലൂടെ നമുക്ക് അനുമാനിക്കാൻ  സാധിക്കും. ഉയർന്നുവരുന്ന നേതാക്കന്മാരെയും നന്മ ചെയ്യുന്ന ഭരണാധികാരികളെയും അസൂയയുടെ പേരിൽ കള്ളക്കേസിൽ കുടുക്കുകയോ അവരുടെ കുറവുകളെ പർവ്വതീകരിച്ചു കാണിക്കുകയോ ചെയ്തുകൊണ്ട് അവരെ ഭരണത്തിൽ നിന്നും അധികാരത്തിൽ നിന്നും നിഷ്കാസനം ചെയ്യുന്ന പതിവ് കേരളത്തിൽ ഇന്നും തുടരുന്നു. നന്മ ചെയ്യേണ്ട അധികാരം എനിക്കും എന്റെ കൂടെ നിൽക്കുന്നവർക്കും മാത്രമല്ല എല്ലാവർക്കുമുണ്ട് എന്ന തുറന്ന മനോഭാവം നമുക്കുണ്ടാകണം. നന്മ ഒരുവന്റെ മാത്രം കുത്തകയല്ല മറിച്ച് അത് പൊതുസ്വത്താണ്. ഞാൻ മാത്രമല്ല ലോകം മുഴുവനും നന്മ ചെയ്യട്ടെ. എല്ലാവരും നന്മ ചെയ്യണമെന്നും സ്വർഗ്ഗരാജ്യം പ്രാപിക്കണമെന്നും ക്രിസ്തുനാഥൻ ആഗ്രഹിച്ചത് പോലെ സർവ ലോകത്തിന്റെയും നന്മ നമുക്കും ആഗ്രഹിക്കാം. നന്മ ചെയ്യുന്നവരെ നമുക്ക് പ്രോത്സാഹിപ്പിക്കാം അത് നമ്മുടെ ശത്രു ആണെങ്കിൽ പോലും. ഇത്തരത്തിലുള്ള ഒരു പുതിയ ശീലം ആരംഭിക്കുന്നതാകട്ടെ ഈ ഓണം. ജനനന്മയ്ക്കായി എല്ലാ രാഷ്ട്രീയക്കാരും ഭരണാധികാരികളും ഒരുമയോടുകൂടെ നന്മ പരിപോഷിപ്പിച്ച് നിലകൊള്ളട്ടെ.

# ഞാനും എന്റെ ദൈവവും



**അനൂപ് എ. സി.**
**തിരുപുറം മീഡിയ**
**മിനിസ്ട്രി സെക്രട്ടറി**

അന്ധകാര വഴികളിൽ ഞാൻ നടന്നു,
വഴികാട്ടി ഒന്നുമില്ലാതെ...
ഭയത്തിന്റെ ചുളിവുകൾ ഹൃദയത്തിൻ വാതിൽ തട്ടുമ്പോൾ,
നിശ്ശബ്ദത്തിൽ നീ എന്നെ തേടി വന്നു.

കൈ പിടിച്ചു നീ എന്നെ ഉയർത്തി,
'ഭയപ്പെടേണ്ട, ഞാൻ നിന്നോടൊപ്പം' എന്ന് ചൊല്ലി...
ചോരചൊരിഞ്ഞ സ്വപ്നങ്ങൾ പൊഴിക്കുമ്പോഴും,
നീ തന്നെയായിരുന്നു എന്റെ സ്വപ്നങ്ങൾക്ക് നിറം തീർത്തത്.

പുഴുങ്ങിയ കണ്ണീർ തുള്ളികളിൽ,
നിന്റെ സ്നേഹത്തിന്റെ ചൂട് ഞാൻ കണ്ടു...
ജീവിതത്തിന്റെ എല്ലാ വേദികളിലും,
നീയായിരുന്നു എന്റെ ആദ്യത്തെയും അവസാനത്തെയും അഭയം.

എത്ര അകന്നു പോയാലും,
എന്നെ തേടി എത്തുന്ന നീ,
എന്റെ ദൈവമേ....
നീ കൂടെയുണ്ടെങ്കിൽ, എനിക്ക് ഒന്നും കുറവില്ല.



കന്യാസ്ത്രീകളെ ജയിലിലടച്ചതിനെതിരെ തിരുപുറം ഇ ടവക കുടുംബം പ്രതിഷേധം സംഘടിപ്പിച്ചു.തിരുപുറം ഇടവക വികാരി ഫ.ജിബിൻ രാജ് ഉദ്ഘാടനം ചെയ്തു.റാലിയിൽ ഉർസുലൈൻ സന്യാസികളും,വിവിധ ഭക്തസംഘടനകളും പങ്കെടുത്തു. കെ.എൽ.സി.എ,കെ.സി.വൈ.എം തുടങ്ങിയ വിവിധ ഭക്തസം ഘടനകളും തലവന്മാരും റാലിയിൽ അണിനിരന്നു.ബി.സി.സി കോഓർഡിനേറ്റർ അനിൽ കുമാർ,പാരീഷ് കൗൺസിൽ സെ ക്രട്ടറി ഗ്രീഗറി എന്നിവർ നേതൃത്വം നൽകി.

# ക്രിസ് വോയ്സ് ക്വിസ്സ് 2025

ടെസ്റ്റ് പേപ്പർ : 10

## വ്യവസ്ഥകൾ

1) സെപ്റ്റംബർ 20 ശനിയാഴ്ച വൈകുന്നേരം 7:00 PMന് മുമ്പായി പാരിഷ്ഹാളിന്റെ ലെറ്റർ ബോക്സിൽ നിക്ഷേപിക്കുകയോ ഇടവകവികാരിയെ ഏൽപ്പിക്കുകയോ ചെയ്യുക

2) ഒന്ന്,രണ്ട് സ്ഥാനക്കാർക്ക് സമ്മാനങ്ങൾ നൽകുന്നു (ഒന്നിലധികം പേർ ഒരേ മാർക്കിൽ വന്നാൽ നറുക്കെടുപ്പിലൂടെ വിജയികളെ പ്രഖ്യാപിക്കുന്നതാണ്)

3) ഒരു ഭവനത്തിൽ നിന്ന് ഒരാൾ മാത്രമേ മത്സരിക്കാവു

## *വി. ലൂക്കാ 17-24 , എഫേസോസ് ലേഖനം 1-6*

1. പത്തു കുഷ്ഠരോഗികൾ എവിടേയ്ക്കുള്ള യാത്രയിലായിരുന്നു ?
2. ' ശിഷ്യഗണം ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കാൻ തുടങ്ങി ' ശിഷ്യരുടെ സ്തുതി രേഖപ്പെടുത്തിയിരിക്കുന്ന പഴയ നിയമഭാഗം ?
3. ശിഷ്യന്മാരുടെ ഇടയിൽ ഉണ്ടായ തർക്കം എന്തായിരുന്നു ?
4. കല്പിക്കപ്പെട്ടത് ചെയ്തതുകൊണ്ട് ആരോട് നിങ്ങൾ നന്ദി പറയുമോ എന്നാണ് ചോദിക്കുന്നത് ?
5. പ്രമാണങ്ങൾ പറയുന്ന വിശുദ്ധ ലൂക്കായിലെ വാക്യം ഏത് ?
6. ഉള്ളവനു കൊടുക്കപ്പെടും, ഇല്ലാത്തവനിൽ നിന്ന് ഉള്ളതു പോലും എടുക്കപ്പെടും. അധ്യായം? വാക്യം ?
7. ലൂക്ക 21: 24 നു സമാനമായ പഴയ നിയമ ഭാഗങ്ങൾ ?
8. കുഷ്ഠരോഗം സുഖമായ വ്യക്തിയെ യേശു വിശേഷിപ്പിച്ചതെങ്ങനെ?
9. മനുഷ്യ പുത്രനെപ്പറ്റി ആരു വഴി എഴുതപ്പെട്ടവയെല്ലാം പൂർത്തിയാകും?
10. 'സമാധാനത്തിനുള്ള മാർഗ്ഗങ്ങൾ ഈ ദിവസത്തിലെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ ' . നീ എന്ന് ഉദ്ദേശിക്കുന്നതെന്ത്?
11. യേശുവിന്റെ മരണം കണ്ടു നിന്നിരുന്നു എന്നു പറയുന്നതാരെയാണ്?
12. നിങ്ങൾ എന്തു കാണാൻ ആഗ്രഹിക്കുന്ന സമയം വരും എന്നാണ് യേശു ശിഷ്യന്മാരോട് പറഞ്ഞത്?
13. വരാനിരിക്കുന്ന കാലത്ത് ആർക്കു നിത്യജീവൻ ലഭിക്കുമെന്നാണ് ഈശോ പറഞ്ഞത്?
14. ദൈവരാജ്യം ഉടൻ വന്നുചേരുമെന്ന് അവർ വിചാരിക്കുകയും ചെയ്തിരുന്നു. അവർ ആര്?
15. പെസഹാ ഒരുക്കങ്ങൾക്ക് പോയവർ ആരെല്ലാം?
16. വയലിൽ ആയിരിക്കുന്നവൻ പിന്നിലുള്ളവയിലേക്ക് തിരിയരുത് എന്നു പറയുന്നത് ഏതു ദിവസം?
17. ആരു ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് ദുഷ്കരം എന്നാണ് യേശു പറയുന്നത്?
18. സക്കേവൂസ് ഏതു ദേശക്കാരനാണ് ?
19. യേശുവിനോട് എന്തെങ്കിലും ചോദിക്കാൻ പിന്നീട് സദുക്കായർ മുതിരാത്തത് ഏതു സംഭവത്തിനുശേഷമാണ് ?
20. നിന്റെ തെറ്റു ചെയ്ത സഹോദരൻ പശ്ചാത്തപിച്ചാൽ എന്തു ചെയ്യണം?
21. 'തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും , തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും'. അധ്യായം? വാക്യം ?

22. 'നിന്റെ സന്ദർശന ദിനം നീ അറിഞ്ഞില്ല ' എന്ന് ആരെ കുറിച്ചാണ് പറയുന്നത് ?
23. യേശുവിന്റെ ശരീരം എങ്ങനെ സംസ്കരിച്ചു എന്ന് കണ്ടതാര് ?
24. മനുഷ്യപുത്രന്റെ ദിവസങ്ങളെ ആരുടെ ദിവസങ്ങളുമായി സാമ്യപ്പെയിരിക്കുന്നു?
25. ദൈവം കാലവിളംബം വരുത്തുമോ എന്ന് ചോദിക്കുന്നത് എന്തിന്?
26. ഒലിവ് മലയ്ക്കരികെയുള്ള സ്ഥലങ്ങൾ ഏതെല്ലാം?
27. പീഡനത്തിലും ഉറച്ചു നിൽക്കുന്നതിലൂടെ എന്താണ് നേടുന്നത് ?
28. 'സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കുവിൻ'. അധ്യായം? വാക്യം ?
29. ജനക്കൂട്ടം കടന്നുപോകുന്ന ശബ്ദം കേട്ട് എന്താണ് സംഭവിക്കുന്നതെന്ന് അന്വേഷിച്ചതാര്?
30. 'ഗുരോ, ഞങ്ങളിൽ കനിയണമേ' എന്ന് അപേക്ഷിച്ചതാര്?
31. ............. നെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശിക്കുകയില്ല.
32. ഞങ്ങൾ സ്വന്തമായവയെല്ലാം ഉപേക്ഷിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു. എന്നു പറഞ്ഞതാര്?
33. ജനങ്ങളുടെ സാന്നിധ്യത്തിൽ വച്ച് യേശുവിനെ വാക്കിൽ കുടുക്കുവാൻ സാധിക്കില്ല എന്ന് നിയമജ്ഞരും പ്രധാന പുരോഹിതന്മാരും മനസ്സിലാക്കിയ സന്ദർഭം ?
34. മനുഷ്യ പുത്രന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ വേണ്ട കരുത്തു ലഭിക്കാൻ എന്തു ചെയ്യണം?
35. യേശുവിനെ കുരിശിൽ തറച്ച സ്ഥലം ?
36. ' നഷ്ടപ്പെട്ടു പോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത് ' നഷ്ടപ്പെട്ടു പോയ ആരെ കുറിച്ചാണ് ഇവിടെ യേശു പറയുന്നത് ?
37. ദൈവരാജ്യം എപ്പോഴാണ് വരുന്നത് എന്ന് യേശുവിനോട് ചോദിച്ചതാര്?
38. എല്ലാത്തരം അശുദ്ധികളിലും ആവേശത്തോടെ മുഴുതിയതാര്?
39. കോപത്തെ കുറിച്ചു പറയുന്ന വചനഭാഗം ?
40. എന്തൊക്കെ മൂലമാണ് ഒരിക്കൽ നിങ്ങൾ മൃതരായിരുന്നത്?
41. ആർക്കൊക്കെയാണ് ദൈവത്തിന്റെയും ക്രിസ്തുവിന്റെയും രാജ്യത്തിൽ അവകാശമില്ലാത്തത് ?
42. സാത്താന്റെ കുടില തന്ത്രങ്ങളെ എതിർത്തുനിൽക്കാൻ എന്തു ചെയ്യണം?
43. പ്രകാശത്തിന്റെ ഫലം എന്തിലാണ് പ്രത്യക്ഷപ്പെടുന്നത് ?
44. എന്തിനെ പ്രതിയാണ് നിങ്ങൾ പരസ്പരം വിധേയരാകേണ്ടത്?
45. ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുന്നതിന് എന്തു ചെയ്യണം ?
46. നമുക്കു വേണ്ടി സുരഭില കാഴ്ചയും ബലിയുമായി തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചതാര്?
47. വിദൂരസ്ഥരോടും സമീപസ്ഥരോടും ക്രിസ്തു എന്താണ് പ്രസംഗിച്ചത്?
48. നമ്മുടെ കർത്താവായ യേശ ക്രിസ്തുവിനെ സ്നേഹിക്കുന്ന എല്ലാവർക്കും ആശംസിക്കുന്നത് എന്തൊക്കെയാണ്?
49. സുവിശേഷ രഹസ്യത്തിന്റെ ബന്ധനസ്ഥനായ സ്ഥാനപതി എന്നു സ്വയം വിശേഷിപ്പിക്കുന്നതാര് ?
50. കൽപനകളുടെയും ചട്ടങ്ങളുടെയും ആധിപത്യം യേശു എങ്ങനെ ഇല്ലാതാക്കി?

# ക്രിസ് വോയ്സ് ക്വിസ് ടെസ്റ്റ് പേപ്പർ 9 – ന്റെ ഉത്തരങ്ങൾ

നിയമാവർത്തന പുസ്തകം

1. ഇസ്രായേൽ ജനം (20:12)
2. സോറ (13:2)
3. യാഹാസിൽ (11:20)
4. ബഞ്ചമിൻ വംശജന് ഭാര്യയെ നൽകുന്നവൻ ശപിക്കപ്പെട്ടവനാണ് (21:18)
5. സുരക്ഷിതരും പ്രാശാന്തരും നിർഭയരും (18:7)
6. ദൈവത്തോട് (20:18)
7. ഗിളിയാറുകാർ (12:5)
8. യാബേഷ് ഗിലെയാദ് (21:10)
9. ദാൻ മുതൽ ബേർഷേബ വരെ (20:1)
10. സോറയ്ക്കും എഷ്താവോലിനും ഇടയ്ക്ക് പിതാവായ മനോവയുടെ ശവകുടീരത്തിൽ (16:31)
11. 600 പേർ (20:46)
12. ബഞ്ചമിൻ ഗോത്രക്കാർ (20:13)
13. മിക്ക (17:5)
14. ഏധോം രാജാവിനോട് (11:17)
15. ഗിബെയ (19:14)
16. ബാൽതാമാറിൽ (20:33)
17. ജഫ്തയുടെ മകൻ (11:37)
18. 600 പേർ (18:11,12)
19. ജഫ്തയുടെ (11:2)
20. ഹില്ലേൽ (12:13)
21. സാംസൺ (14:6)
22. റാമാത്ത്ലേഹി (15:17)
23. ഏലിയ (48:11)

പ്രഭാഷകന്റെ പുസ്തകം

24. മോശ (45:3)
25. ദൈവഭയമില്ലാത്ത (41:7)
26. ദു:ശ്ശാഠ്യക്കാരിയായ പുത്രിയെ (42:11)
27. സെറുബാബേൽ (49:11)
28. ഫിനേഹാസ് (45:23)
29. ഹെനോക്ക് (44:16)
30. സാമൂവൽ (46:15)
31. ശിമയോനെ (50:12)
32. സത്കീർത്തി (41:13)
33. ദാവീദ് (47:11)
34. സ്രഷ്ടാവിനെ (43:11)
35. ജോഷ്വ (46:1)
36. ശിമയോൻ (50:3)
37. നാഥാൻ (47:1)
38. അബ്രഹാം (44:19)
39. അഹറോൻ (45:18)
40. ദൈവഭയമില്ലാത്ത ജനം (41:8)
41. നല്ല ശിക്ഷണം (42:5)

42. ജോസിയ (49:3)
43. അഹറോൻ (45:6)
44. ജോഷ്വയും കാലെബും (46:8)
45. കർത്താവിന്റെ മഹത്വം (42:16)
46. നെബാത്ത് (47:23)
47. സ്നേഹിതന്മാരുടെ (41:22)
48. അവകാശം (41:6)
49. ആദം (49:16)
50. അഹറോൻ (45:12)

# കുരിശ്ശടി വാർഷികങ്ങൾ

**► കടവിള അമലോത്ഭവ മാതാ കുരിശ്ശടി വാർഷികം സെപ്റ്റംബർ 9ാം തീയതി ചൊവ്വാഴ്ച നടത്തപ്പെടുന്നു**

**► താഴയ്ക്കാമണ്ണടി വിശുദ്ധ മദർ തെരേസാ കുരിശ്ശടി വാർഷികം സെപ്റ്റംബർ 11ാം തീയതി വ്യാഴാഴ്ച നടത്തപ്പെടുന്നു**




തിരുപുറം പഞ്ചായത്തിൽ മികച്ച മുതിർന്ന കർഷകനുള്ള സമ്മാനം കരസ്ഥമാക്കിയ താഴയ്ക്കാമണ്ണടി ബി.സി.സി. യൂണിറ്റ് അംഗമായ രാജരത്നം പിക്ക് തിരുപുറം ഇടവക കുടുംബത്തിന്റെ അഭിനന്ദനങ്ങൾ



തിരുപുറം പഞ്ചായത്തിൽ വിദ്യാർത്ഥികർഷക പ്രോത്സാഹന സമ്മാനം കരസ്ഥമാക്കിയ കാരയ്ക്കാവിള ബി.സി.സി. യൂണിറ്റ് അംഗമായ സംഗീത് റോസിന് തിരുപുറം ഇടവക കുടുംബത്തിന്റെ അഭിനന്ദനങ്ങൾ




തിരുപുറം പഞ്ചായത്തിൽ മികച്ച മുട്ടക്കോഴി കർഷകനുള്ള സമ്മാനം കരസ്ഥമാക്കിയ പഴയകട ബി.സി.സി. യൂണിറ്റ് അംഗമായ അഖിൽ ബി ഷാജിക്ക് തിരുപുറം ഇടവക കുടുംബത്തിന്റെ അഭിനന്ദനങ്ങൾ



തിരുപുറം പഞ്ചായത്തിൽ മികച്ച യുവ കർഷകനുള്ള സമ്മാനം കരസ്ഥമാക്കിയ കാരയ്ക്കാവിള ബി.സി.സി. യൂണിറ്റ് അംഗമായ നവീന് തിരുപുറം ഇടവക കുടുംബത്തിന്റെ അഭിനന്ദനങ്ങൾ

# സെപ്റ്റംബർ മാസത്തെ കുടുംബയോഗങ്ങൾ

| യൂണിറ്റ് | ദിവസം | ഭവനം |
|---|---|---|
| താഴയ്ക്കാമണ്ണടി | 06/09/2025<br>27/09/2025 | അനിൽകുമാർ<br>ശശികുമാർ |
| ചില്ലിൻവിള | 13/09/2025<br>28/09/2025 | ജോസ്<br>ശിവരാജൻ |
| വലിയവിള | 06/09/2025<br>28/09/2025 | ലാസർ<br>ലാസർ |
| പ്ലാങ്കോട്ടം | 14/09/2025<br>28/09/2025 | ജ്ഞാനസുന്ദരി<br>ഫ്രാൻസിസ് |
| മോന്തിവിള | 15/09/2025<br>21/09/2025 | ശശിധരൻ<br>രാമകൃഷ്ണൻ |
| കാരയ്ക്കാവിള | 14/09/2025<br>28/09/2025 | പത്മകുമാർ<br>ദേവരാജ് ഡേവിഡ് |
| പണ്ടാരത്തോട്ടം | 06/09/2025<br>28/09/2025 | ബിജു<br>സജു |
| മണ്ണക്കല്ല് | 13/09/2025<br>28/09/2025 | ജോൺസൺ<br>അനിത |
| പുത്തൻകട | 07/09/2025<br>28/09/2025 | ക്രിസ്റ്റിൻരാജ്<br>രാജയ്യൻ |
| മുടന്താന്നി | 10/09/2025<br>27/09/2025 | സ്റ്റീഫൻ<br>സുരേഷ് കുമാർ |
| മണലിക്കടവ് | 13/09/2025<br>28/09/2025 | ശ്രീധരൻ<br>സുകുമാരൻ |
| മലഞ്ചരിക് | 14/09/2025<br>28/09/2025 | അശോകൻ<br>അജിത്ത് |
| പഴയകട | 19/09/2025<br>28/09/2025 | ഷാജി<br>ശ്രീധരൻ |
| പട്ട്യക്കാല | 07/09/2025<br>28/09/2025 | സ്റ്റീഫൻ<br>വിജയകുമാർ |
| കുളങ്ങരവിള | 09/09/2025<br>23/09/2025 | രാജു<br>ജോസ് |
| പള്ളിമന | 14/09/2025<br>28/092025 | ബിജു<br>നൃപൻ |
| കടവിള | 14/09/2025<br>28/09/2025 | ക്രിസ്തുദാസ്<br>വത്സല |
| പുന്നയ്ക്കാവിള | 14/09/2025<br>28/09/2025 | ജോൺ<br>അഖിൽ |



# ചിത്രം



**എയ്ഞ്ചൽ മരിയ**
**പള്ളിമന**

എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുക യും ചെയ്യുന്നവനു നിത്യജീവനു ണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും.

(യോഹന്നാൻ 6:54)







ചിങ്ങം ഒന്ന് കർഷക ദിനത്തോട് അനിബന്ധിച്ച് തിരുപുറം ഇടവകയിലെ മികച്ച കർഷകരെ സാമൂഹിക ശുശ്രുഷ സമിതിയുടെ നേതൃത്വത്തിൽ ആദരിച്ചപ്പോൾ

# പരിശുദ്ധൻ



കവിത രഘു
പുന്നയ്ക്കാവിള

പല നാളായെന്നുടെയുള്ളിൽ
പറയാതൊരു മോഹമതുണ്ടേ
ഈശോയെ നിൻ തിരുമുഖമതു
കാണാനായി മോഹമതുണ്ടേ

നീയാകും പരിശുദ്ധിയതിൽ
നിൽക്കാനായ് യോഗ്യതയില്ലേ
നിന്നെ ഞാൻ കാണുന്നതിനായ്
കൺ കോണുകൾ ശക്തമതല്ലേ

പരിശുദ്ധി തൻ നിറവാം നിന്നെ
കൈകളിൽ വാങ്ങി ഞാനെൻ
അശുദ്ധികൾ നിറഞ്ഞീടുന്ന
നാവിന്മേൽ വയ്ക്കുന്നേരം

നിൻ ദിവ്യമേനിയുടെയും ചുടുചോരതുള്ളിയുടെയും
പരിശുദ്ധിയതു നിറവയെന്നിൽ
പരന്നൊഴുകിയിറങ്ങിയിടുമ്പോൾ
എന്നുടെ അകതാരാകേ പുതു
സക്രാരിയായ് മാറിടുന്നു

നീറുന്ന വേദനയൊക്കെ അറിയാതെ മറന്നീടുന്നു
നിന്നോട് പറയാനോർത്ത പരിഭവമതു മാറീടുന്നു
നീയാകും സഹനത്തീയിൽ ഞാനെന്നെ മറന്നീടുന്നു
നിന്നുടെ ചിറകിൻ കീഴിൽ ഞാനെന്നെയേകീടുന്നു



**തദ്ദേശ സ്വയംഭരണവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ**
**ആയി പ്രൊമോഷൻ ലഭിച്ച ക്രിസ് വോയ്സ് ചീഫ് എഡിറ്റർ**

**എസ്. ഒ. ഷാജികുമാറിന്**

**അഭിനന്ദനങ്ങൾ**



ഗവ. ജോലിക്ക് ഗവ. അംഗീകൃത

കോഴ്സുകൾ

PGDCA, DCA | Data Entry, | Auto CAD
DTP, CTTC | Web Designing | Accounting
SAP, Digital Marketing

ഉന്നത വിജയം നേടാൻ ഉന്നത നിലവാരമുള്ള

കമ്പ്യൂട്ടർ കോഴ്സുകൾ

Cybo TECH COMPUTERS

ബസ് സ്റ്റാൻഡ് ജംഗ്ഷന് സമീപം
കോൺവെന്റ് റോഡ് നെയ്യാറ്റിൻകര
ഫോൺ 8281105686,9446903873


# വേർപാടിന്റെ ഒന്നാം വർഷം

10/09/2025



# ആർ. ത്രേസ്യമ്മ

(പുന്നയ്ക്കാവിള യൂണിറ്റ്)

മകൾ : വിനോദിനി ടി. ആർ. | ചെറുമക്കൾ : സ്നേഹ എസ്. വി., വന്ദന എസ്. വി.



പഴയകടയുടെ ചരിത്രത്തിൽ ഇത് ആദ്യമായി
ഇപ്പോൾ എല്ലാ
വിവരങ്ങളും
ഒരു കുടക്കീഴിൽ
ഗൃഹലക്ഷ്മി,
വനിതാ,
ആരോഗ്യ മാസിക,
ട്രാവലർ, യാത്ര,
STAR & STYLE,
TELL ME WHY,
ബാലരമ, ബാലഭൂമി
കളിക്കുടുക്ക,
മിന്നാമിന്നി,
MAGIC POT,
സമ്പാദ്യം, വീട്
കർഷകശ്രീ,
ഇയർബുക്ക്,
കളറിംഗ് ബുക്ക്
മാതൃഭൂമി, ലേബർഇന്ത്യ, തൊഴിൽവാർത്ത,
തൊഴിൽ വീഥി, GK CURRENT AFFAIRS
ഏവർക്കും ജെ. എസ്.
ഫാൻസി സ്റ്റോഴ്സിന്റെ
ഹൃദയം നിറഞ്ഞ
ഓണാശംസകൾ
ജെ.എസ്. ഫാൻസി സ്റ്റോർ
പഴയകട ടാക്സി സ്റ്റാന്റിനു സമീപം കാഞ്ഞിരംകുളം റോഡ്
8086552938